"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ നടന്ന മിന്നൽ പരിശോധന - അസിസ്റ്റന്റ് എൻജിനീയർ ശ്രീ. എൽദോസ് പോളിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(സാധാ) നം.1022/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/06/2020

പരാമർശം:-1 വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 20.05.2015-ലെ 4911/ഡി3/2015/വിജി. നമ്പർ കത്ത്.

2 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10.04.2015-ലെ ഇ6 (എസ്.സി.37/2014/ ഐ.ഡി.കെ.) 21880/14 നമ്പർ കത്ത്.

3 17.04.2017-ലെ 319/ഇഡബ്ല്യു1/2015/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

4 ശ്രീ. എൽദോസ് പോൾ സമർപ്പിച്ച 27.07.17 തീയതിയായുള്ള എതിർവാദ പത്രിക.

5 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 05.12.2019-ലെ ഇ11/14189/16/സിഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ കിളിപ്പാടി അംബേദ്കർ കോളനി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ 27.08.2014-ൽ നടത്തിയ മിന്നൽ പരിശോധനയിൽ, ഗ്രാമസഭയും പഞ്ചായത്ത് കമ്മറ്റിയും അംഗീകരിച്ച കിളിപ്പാടി — അംബേദ്കർ കോളനി കുടിവെള്ള പദ്ധതി യഥാർത്ഥത്തിൽ നിശ്ചയിച്ചിരുന്ന സ്ഥലത്തുനിന്നും മാറ്റി മറ്റൊരു സ്ഥലത്ത് നിയമാനുസരണമുള്ള അംഗീകാരമൊന്നുമില്ലാതെ മറ്റൊരു വർക്ക് ചെയ്തതായി കാണപ്പെടുകയും പദ്ധതിക്ക് നാളിതുവരെ തുകയൊന്നും ചെലവഴിച്ചതായോ, എം. ബുക്ക്, മസ്റ്റർറോൾ എന്നിവ തയ്യാറാക്കിയിട്ടില്ലാത്തതും പണിപൂർത്തീകരിച്ചിട്ടില്ലെന്നും കണ്ടെത്തുകയുണ്ടായി. ടി ക്രമക്കേടുകൾക്ക് ഏലപ്പാറ ഗ്രാമപഞ്ചായ ത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. എൽദോസ് പോളിനെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ലഘു ശിക്ഷ യ്ക്കുള്ള അച്ചടക്കനടപടി സ്വീകരിക്കുകയും പരാമർശം 3 പ്രകാരം കുറ്റപത്രം, കുറ്റാരോപണപത്രിക എന്നിവ നൽകുകയും ചെയ്തിരുന്നു.

2. ശ്രീ. എൽദോസ് പോൾ പരാമർശം 4 പ്രകാരം സമർപ്പിച്ച എതിർവാദപത്രികയിൽ 01/02/2013-ൽ ആദ്യമായി സർവ്വീസിൽ പ്രവേശിച്ച താൻ ഇടുക്കി ജില്ലയിലെ ഏലപ്പാറ പഞ്ചായത്തിൽ നിന്നും എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, അഴുതയിലേക്ക് 31/05/2013-ൽ ട്രാൻസ്ഫറായെങ്കിലും, ഏലപ്പാറ സെക്ഷനിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഴിവ് വന്നപ്പോൾ, അധിക ചുമതല നിർവ്വഹിക്കേണ്ടതായി വന്നുവെന്ന് ബോധിപ്പിച്ചിരുന്നു. ഏലപ്പാറ ഗ്രാമപഞ്ചായത്ത് 2012-2013 സാമ്പത്തിക വർഷം കിളിപ്പാടി അംബേദ്കർ കോളനിയിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനായി രൂപീകരിച്ച പദ്ധതിയാണ് "കിളിപ്പാടി അംബേദ്കർ കോളനി കുടിവെള്ള പദ്ധതി". ടി പദ്ധതിക്കുവേണ്ടി നിലവിലുണ്ടായിരുന്ന കുളത്തിൽ പാറപൊട്ടിച്ച് ആഴം കൂട്ടുകയും വെള്ളം കുളത്തിൽനിന്നും വാർന്നു പോകുന്നത് തടയുന്നതിനായി വശങ്ങൾ കോൺക്രീറ്റ് ചെയ്യുകയും, കുളത്തിൽനിന്നും ഗ്രാവിറ്റിയിൽ വെള്ളം താഴെ സ്ഥാപിച്ചിരിക്കുന്ന പി.വി.സി ടാങ്കിൽ ശേഖരിച്ച് വിതരണം ചെയ്യുകയും ചെയ്യുന്നതിന് അടങ്കൽ തുകയായ അഞ്ചു ലക്ഷം രൂപയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതിക അനുമതി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് ലഭ്യമാക്കുകയും ചെയ്തിരുന്നു. ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ കൺവീനർ ശ്രീ. ബിജോയി, കുപ്പമണ്ണിൽ, ഹെലിബറിയ, ചെയർമാൻ, ശ്രീ. കൊച്ചുമോൻ, കുപ്പമണ്ണിൽ എന്നിവർ ടി പ്രവൃത്തിക്കു വേണ്ടി 27/01/2014-ൽ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. എന്നാൽ കൺവീനർ, അസിസ്റ്റന്റ് എഞ്ചിനീയറായ തന്നോടോ, ഓഫീസിലെ ഓവർസിയറോടോ ആലോചിക്കാതെ, ഏലപ്പാറ പഞ്ചായത്ത് കിളിപ്പാടി വാർഡ് മെമ്പർ ആയ ശ്രീമതി. സുഹിത ശിവാനന്ദന്റെ നിർദ്ദേശപ്രകാരം പ്രവൃത്തി ആരംഭിക്കുകയും എസ്റ്റിമേറ്റിനു വിരുദ്ധമായി പ്രവൃത്തി നടത്തുകയും ചെയ്തു. എസ്റ്റിമേറ്റിനു വിരുദ്ധമായി ചെയ്ത പ്രവൃത്തികൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ചെയ്ത പ്രവൃത്തികളുടെ

ബില്ലുകളും മസ്റ്റർറോളും ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിരുന്നില്ല. എന്നാൽ ടി പ്രവൃത്തിക്കുവേണ്ടി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയ അതേ സ്ഥലത്തു തന്നെയാണ് പ്രവൃത്തി നടപ്പിലാക്കിയത്. ടി കുളം ഉപയോഗയോഗ്യം ആണെന്നതിനാൽ ഒരു വിദഗ്ധസമിതി പരിശോധന നടത്തിയതിനു ശേഷം കൺവീനർക്ക് ബിൽ തുക നൽകാവുന്നതാണെന്ന് സ്ഥലം സന്ദർശിച്ച പെർഫോമൻസ് ഓഡിറ്റ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് ഭരണ സമിതി ഈ പദ്ധതിയുടെ നിജസ്ഥിതി നേരിൽ കണ്ടു മനസ്സിലാക്കുകയും ഭരണ സമിതിയുടെ തീരുമാനം നൽകുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സർവീസിൽ തുടക്കക്കാരനായ തന്നെ തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് ടിയാൻ അപേക്ഷിച്ചിരുന്നു.

3. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കിയത് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയ സ്ഥലത്ത് തന്നെയാണെന്നും ടി കുളം നിലവിൽ ഉപയോഗയോഗ്യമാണെന്നും പരിശോധനാ വേളയിൽ ഏകദേശം 5 അടിയോളം വെള്ളം ഉള്ളതായി കണ്ടെത്തിയിരുന്നുവെന്നും കുളത്തിൽ നിന്നും HDPE പൈപ്പ് ഉപയോഗിച്ച് കുടിവെള്ളം എടുക്കുന്നതായി കണ്ടെത്തിയിരുന്നുവെന്നും ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ കൺവീനർ, അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിക്കാതെ എസ്റ്റിമേറ്റിൽ ഇല്ലാത്ത പ്രവൃത്തികൾ ചെയ്യുകയും, ചെയ്ത പ്രവൃത്തികളുടെ ബില്ലുകളോ, മസ്റ്റർറോളോ ഹാജരാക്കാതെവരികയും ചെയ്തതിനാലാണ് ബിൽ എഴുതി നൽകാതിരുന്നതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയും ഗുണഭോക്തൃ കമ്മിറ്റിയുടെ കഷ്ടനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി ടി പ്രവൃത്തിയുടെ ബിൽ എഴുതുന്നതിന് ആവശ്യമായ രേഖകൾ കമ്മിറ്റി ഹാജരാക്കുകയും, വിജിലൻസിൽ നിന്നുമുള്ള തീരുമാനം ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് ബിൽ എഴുതി നൽകണമെന്നും കൂടാതെ ഈ പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ആരംഭിക്കണമെന്നും അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നുവെന്നും ടി പദ്ധതിയുടെ വാല്യൂവേഷൻ നടത്തി 115359/- രൂപ കൺവീനറുടെയും ചെയർമാന്റെയും ജോയിന്റ് അക്കൌണ്ട് വഴി നൽകിയിട്ടുണ്ടെന്നും ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്തിരുന്നു.

4. കുറ്റാരോപിതൻ സമർപ്പിച്ച പ്രതിവാദപത്രിക, ആയതിന്മേലുള്ള ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ, പ്രസ്തുത പ്രവൃത്തി നടപ്പിലാക്കിയത് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയ സ്ഥലത്ത് തന്നെയാണെന്നും ടി കുളം നിലവിൽ ഉപയോഗയോഗ്യമാണെന്നും വ്യക്തമാണ്. പ്രോജക്ട് നിർവ്വഹണത്തിൽ പറയത്തക്ക അപാകത ഉണ്ടായിട്ടില്ലെന്നും മേൽനോട്ട നിർവ്വഹണത്തിൽ ചെറിയ പാളിച്ചകൾ മാത്രമാണ് ഉണ്ടായിട്ടുള്ളത് എന്നതിനാലും ടി കാലയളവിൽ സർവീസിൽ തുടക്കക്കാരനായിരുന്നുവെന്നതും ടിയാന്റെ ഭാഗത്ത് നിന്നും മന:പൂർവ്വമായ വീഴ്ചകളൊന്നുമുണ്ടായിട്ടില്ലെന്നുള്ള വസ്തുതകൾ കണക്കിലെടുത്തും ഭാവിയിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതിലേക്കായി ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയറായിരുന്ന ശ്രീ. എൽദോസ് പോളിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി ''**ശാസന**'' നല്കി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുകുട്ടന് എം എസ്**

**അഡിഷണൽ സെക്രട്ടറി**

ശ്രീ. എൽദോസ് പോൾ, മുൻ അസിസ്റ്റന്റ് എൻജിനീയർ, ഏലപ്പാറ ഗ്രാമപഞ്ചായത്ത്. (തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖാന്തിരം)

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.

ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

വിജിലൻസ് (ഡി) വകുപ്പ്.

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ-3) വകുപ്പ്.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by SREEKANTH G
Date: 2020.06.02 13:52:15 IST
Reason: Approved

സെക്ഷൻ ഓഫീസർ